എം.റ്റി (1) 47753/17

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 07.11.2018

**സർക്കുലർ നമ്പർ 56/18**

വിഷയം:- സഹകരണ വകുപ്പ്-ഐ.609 ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി,മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി,നിക്ഷേപം എന്നിവ സ്വീകരിക്കുന്നത് അനുമതി-സംബന്ധിച്ച്.

സൂചന:- ഇടുക്കി ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 20.10.2017-ലെ എസ്.സി.റ്റി.എം 5326/17, എസ്.സി.റ്റി.എം 5516/17 നമ്പർ കത്തുകൾ.

ഐ.609 ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി 'തണൽ' എന്ന പേരിൽ ഒരു വയോജന പരിപാലന കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ആയതിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിനു സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി, നിക്ഷേപം,ഇനങ്ങളിൽ ഫണ്ട് സ്വീകരിക്കുന്നതിനു സംഘം ഭരണ സമിതി തീരുമാനമെടുത്ത് ജോയിന്റ് രജിസ്ട്രാർ വഴി അനുവാദത്തിനായി സൂചന പ്രകാരം അപേക്ഷിച്ചിരിക്കുന്നു.ടി സംഘത്തിന്റെ നിയമാവലി 4(2),4(3) വ്യവസ്ഥകൾ പ്രകാരം ഓഹരി, നിക്ഷേപ ഇനങ്ങളിൽ ഫണ്ട് സ്വരൂപിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശ പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്. സംഘം ഭരണ സമിതിയുടെ തീരുമാനം സൂചന പ്രകാരം ഇടുക്കി ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടുണ്ട്.

സംഘം ഭരണ സമിതി തീരുമാനങ്ങളുടെയും സൂചന ശുപാർശകളുടെയും അടിസ്ഥാനത്തിൽ ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി 'തണൽ' എന്ന പേരിൽ ആരംഭിക്കുന്ന വയോജന പരിപാലന കേന്ദ്രത്തിന്റെ നടത്തിപ്പിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിലേക്ക് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ ഇടുക്കി ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും അതാത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകളുടെയും ഭരണ സമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓഹരി,നിക്ഷേപ ഇനങ്ങളിൽ ഫണ്ട് സ്വരൂപിക്കുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

ഒപ്പ്
എസ്.ഷാനവാസ്,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി
ഐ.609 ഹൈറേഞ്ച് സൂപ്പർ സ്പെഷ്യാലിറ്റി
കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി
തങ്കമണി പി.ഒ, ഇടുക്കി

പകർപ്പ്:-1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഇടുക്കി
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) ഇടുക്കി
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (എം.റ്റി.)